# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 779 — 07/02/2013 – ൽ മറുപടിക്ക്

**കൊരട്ടി ഇ.എസ്.ഐ ഡിസ് പെൻസറി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |
| (എ) സ്വന്തമായി ഭൂമിയുള്ള കൊരട്ടി ഇ.എസ്.ഐ ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എച്ച്.എൽ.എൽ ലൈഫ് കെയർ കമ്പനിയേയും, രൂപകൽപ്പന ചെയ്യുന്നതിന് ന്യൂഡൽഹിയിലെ ആർക്കിടെക്ട് സ്റ്റഡീസ് എന്ന സ്ഥാപനത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമായുള്ള പ്രസ്തുത ഡിസ്പെൻസറിയെ ഒരു ഡോക്ടർ ഡിസ്പെൻസറിയാക്കി തരംതാഴ്ത്താൻ ആലോചിക്കുന്നുണ്ടോ;<br><br>സി) രണ്ടായിരത്തോളം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രയോജനകരമായ കൊരട്ടി ഇ.എസ്.ഐ ആശുപത്രിയിൽ, രണ്ട് ഡോക്ടർമാരുടേയും സേവനം തുടർന്നും ലഭ്യമാക്കുവാൻ നടപടിസ്വീകരിക്കുമോ? | (ബി & സി) ഒരു ഡിസ്പൻസറിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഐ.പി.കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഡോക്ടർമാരുടെ എണ്ണം തീരുമാനിക്കുന്നത്. കൊരട്ടി ഇ.എസ്.ഐ. ഡിസ്പൻസറിയിൽ നിലവിലുള്ള ഐ.പി.കളുടെ എണ്ണത്തിന് ആനുപാതികമായി 1 ഡോക്ടറുടെ സേവനം മാത്രമേ ആവശ്യമായുള്ള എന്നതിനാൽ പ്രസ്തുത ഡിസ്പൻസറിയിലെ മെഡിക്കൽ ഓഫീസറുടെ ഒരു തസ്തിക ഒളരിക്കര ഇ.എസ്.ഐ. ഡിസ്പൻസറി-യിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മതിയായ എണ്ണം ഐപികൾ ഉണ്ടാകുന്നതനുസരിച്ച് രണ്ടു ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ